CCM( 22) 2014-15

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**12.11.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.11.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതുവരെ ആകെ 1220.06 കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 706.56 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് അലോട്ട്മെന്റിന്റെ 19.83 ശതമാനമാണ്. മുൻ വർഷം ഇതേ കാലയളവിൽ ചെലവായത് 21.24 ശതമാനമാണ്. ബ്ലോക്ക് പഞ്ചായത്തുകൾ 165.45 കോടി രൂപയും ജില്ലാ പഞ്ചായത്തുകൾ 208.54 കോടി രൂപയുമാണ് ഇതുവരെ ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകളുടെ ചെലവിന്റെ ശതമാനം 26.5 ശതമാനവും ജില്ലാ പഞ്ചായത്തുകളുടേത് 15.2 ശതമാനവുമാണ്. മുൻ വർഷം ഇതേ കാലയളവിൽ ബ്ലോക്ക് പഞ്ചായത്തുകൾ 22 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 15.01 ശതമാനവുമാണ് ചെലവഴിച്ചത്. മുനിസിപ്പാലിറ്റികൾ ഇതുവരെ 103.85 കോടി രൂപയും കോർപ്പറേഷനുകൾ 35.37 കോടി രൂപയുമാണ് ചെലവിന്റെ ശതമാനം മുനിസിപ്പാലിറ്റികളിൽ 20.21 ഉം കോർപ്പറേഷനുകളിൽ 15.9 ശതമാനവുമാണ്. മുൻ വർഷം ഇതേ കാലയളവിൽ മുനിസിപ്പാലിറ്റികൾ 19.9 ശതമാനവും കോർപ്പറേഷനുകൾ 14 ശതമാനവുമാണ് ചെലവഴിച്ചത് .

**2.2** പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഇതുവരെയും പദ്ധതി രൂപീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടില്ല എന്ന് 05.11.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം നിരീക്ഷിക്കുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും അടുത്ത യോഗത്തിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിർദ്ദേശിച്ചത് പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റും യോഗത്തിൽ ഹാജരായി. ഭരണ ഘടനാ വിരുദ്ധമാണ് ജില്ലാ പഞ്ചായത്ത് നടപടിയെന്നും ഗുരുതരമായ വീഴ്ചയ്ക്ക് സെക്രട്ടറി ഉത്തരവാദി ആണെന്നും യോഗം നിരീക്ഷിച്ചു. ജില്ലയിലെ 54 ഗ്രാമപഞ്ചായത്തുകളുടെയും 8 ബ്ലോക്ക് പഞ്ചായത്തുകളുടെയും 3 മുനിസിപ്പാലിറ്റികളുടെയും പദ്ധതി രേഖകൾക്ക് അംഗീകാരം നൽകിയ ആസൂത്രണ സമിതിയുടെ അദ്ധ്യക്ഷനും ഭൂരിഭാഗം അംഗങ്ങളും ജില്ലാ പഞ്ചായത്തിനെ പ്രതിനിധീകരിക്കുന്നതായിട്ടും ജില്ലാ പഞ്ചായത്തിന്റെ പദ്ധതിരേഖയ്ക്ക് ഭരണ സമിതിയുടെ അന്തിമ അംഗീകാരം നേടാൻ പോലും കഴിഞ്ഞിട്ടില്ല എന്നത് തികഞ്ഞ വൈരുദ്ധ്യമാണെന്ന് യോഗം ചൂണ്ടിക്കാട്ടി. മുൻ വർഷം കൃഷി മേഖലയിൽ നടപ്പാക്കേണ്ടിയിരുന്ന ഒരു പ്രോജക്ടിനായി നൽകിയ 1.05 കോടിയുടെ ഡിമാന്റ് ഡ്രാഫ്റ്റ് വർഷാവസാനം തിരികെ വന്നതും, പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുപ്പ് നടന്നതും പട്ടികജാതി/ പട്ടിക വർഗ്ഗക്കാർക്കു വേണ്ടിയുള്ള പ്രോജക്ടുകളുടെ ഫീസിബിലിറ്റി സംബന്ധിച്ച പ്രശ്നങ്ങളുമാണ് കാലതാമസത്തിന് കാരണമായി പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും ചൂണ്ടിക്കാട്ടിയതെങ്കിലും, പ്രസ്തുത വിശദീകരണങ്ങൾ നിരർത്ഥകമാണെന്നും യോഗം വിലയിരുത്തുകയും മുൻവർഷം പദ്ധതി രൂപീകരണ പ്രക്രിയയിൽ മുൻപന്തിയിലായിരുന്ന ജില്ലാ പഞ്ചായത്ത് അവസാന സ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ട ദുരവസ്ഥ തികച്ചും ഖേദകരമാണന്നും യോഗം

അഭിപ്രായപ്പെടുകയും ചെയ്തു. ജില്ലാ പഞ്ചായത്തിന്റെ അന്തിമ പദ്ധതിരേഖയ്ക്ക് നവംബർ 14 ന് ഭരണസമിതി അംഗീകാരം നൽകാനും നവംബർ 17-ന് ജില്ലാ ആസൂത്രണസമിതിയിൽ ചർച്ചയ്ക്ക് വയ്ക്കാനും തീരുമാനിച്ചിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി യോഗത്തിൽ ഉറപ്പു നൽകി. ഐ.എ.വൈ ഭവന പദ്ധതി ഉൾപ്പെടെ നിർബന്ധമായും വകയിരുത്തേണ്ട പ്രോജക്ടുകൾക്ക് ഫണ്ട് പൂർണ്ണമായും ലഭ്യമാക്കുന്നത് ഉറപ്പുവരുത്തണമെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3** മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മ വാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തെ കണ്ടെത്തി അവർക്ക് ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ സഹായമായി 2 ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നും ഇതിന് ആവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നിർബന്ധമായും നീക്കിവയ്ക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** 2015-16 വാർഷിക പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വനിത ഘടക പദ്ധതിയിലെ 10 ശതമാനം ഫണ്ട് വിധവകൾക്കായുള്ള പ്രത്യേക പ്രോജക്ടിനായി വകയിരുത്തേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5** 2015-16 വാർഷിക പദ്ധതിയിൽ അയൽസഭകളിൽ നിന്നും വരുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് ഗ്രാമ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ ഓരോ വാർഡുകളിലെയും നിലവിലെ അവസ്ഥ, നേരിടുന്ന പ്രശ്നങ്ങൾ, വികസന ആവശ്യങ്ങൾ എന്നിവ ഉൾപ്പെട്ട കമ്മ്യൂണിറ്റി പ്ലാൻ തയ്യാറാക്കി ഗ്രാമകേന്ദ്രം മുഖേന തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. സെക്രട്ടറി വർക്കിംഗ് ഗ്രൂപ്പിലെ വിവിധ വിഷയ മേഖല കൺവീനർമാർക്ക് ഇവ രേഖാമൂലം കൈമാറേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ കമ്മ്യൂണിറ്റി പ്ലാൻ പരിഗണിച്ചുവേണം കരട് വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6** 2014 നവംബർ 27 മുതൽ 29 വരെ കിലയിൽ സംഘടിപ്പിക്കുന്ന "ഗാന്ധി ഗ്രാമ സ്വരാജും അധികാര വികേന്ദ്രീകരണവും" എന്ന അന്താരാഷ്ട്ര സെമിനാറുമായി ബന്ധപ്പെട്ട്, തനിമയാർന്ന പദ്ധതികൾ നടപ്പിലാക്കിയ 8 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കിലയിൽ പ്രദർശന സ്റ്റാളുകൾ സജ്ജീകരിക്കാൻ 30000 രൂപ വരെ തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാൻ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു. കൃഷ്ണപുരം, മണീട്, കുലശേഖരപുരം, കായണ്ണ. മങ്കര, ഇടവിലങ്ങ് ഗ്രാമപഞ്ചായത്തുകളും ഇടുക്കി ബ്ലോക്ക് പഞ്ചായത്തും, മലപ്പുറം നഗരസഭയുമാണ് പ്രദർശന സ്റ്റാളുകൾ സജ്ജീകരിക്കുന്നത്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7** തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആദ്യത്തെ ടെണ്ടറിൽ ലഭിക്കുന്ന സിംഗിൾ ടെണ്ടറുകൾ എസ്റ്റിമേറ്റ് നിരക്കിൽ കുറവാണെങ്കിൽപോലും സ്വീകരിക്കാത്തത് തദ്ദേശഭരണ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നും പ്രവൃത്തി നടത്തുന്നതിന് കാലതാമസം ഉണ്ടാക്കുമെന്നും അതിനാൽ ആദ്യ ടെണ്ടറിൽ ലഭിക്കുന്ന സിംഗിൾ ടെണ്ടർ സ്വീകരിക്കാൻ നിർദ്ദേശിച്ച് ഉത്തരവുണ്ടാകണമെന്ന എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8** ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്താൻ ജോലിഭാരം നിമിത്തം പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന്

യോഗം തീരുമാനിച്ചു. 10 ലക്ഷം രൂപ വരെ അടങ്കൽ വരുന്ന ഇലക്ട്രിഫിക്കേഷൻ ജോലികൾ എസ്റ്റിമേറ്റ് തയ്യാറാക്കാനും മേൽനോട്ടം വഹിക്കാനും മെഷർമെന്റ് രേഖപ്പെടുത്താനും തദ്ദേശഭരണ സ്ഥാപനതലത്തിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെയും സർവീസിൽ നിന്നും റിട്ടയർ ചെയ്ത എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, സബ് എഞ്ചിനീയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചു. ഇത്തരം പ്രവൃത്തികളുടെ നിർവഹണ ഉദ്യോഗസ്ഥൻ അതാത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർ ആയിരിക്കും. ജില്ലാ തലത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കൺവീനറായി, കെ.എസ്.ഇ.ബി.യിൽ നിന്നും പി.ഡബ്ല്യു.ഡി.ഇലക്ട്രിക്കൽ വിംഗിൽ നിന്നും റിട്ടയർചെയ്ത ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, തുടങ്ങിയവരിൽ നിന്ന് അഞ്ചംഗ സമിതി രൂപീകരിച്ചും ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇലക്ടിക്കൽ വർക്കുകളുടെ സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ മേൽപ്പറഞ്ഞ സമിതിയുടെ അധികാര പരിധിയിലാകേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പ്രവൃത്തി മേൽനോട്ടം, മെഷർമെന്റ് എന്നിവ നിർവഹിക്കുന്നതിനും എസ്റ്റിമേറ്റ് തുകയുടെ 1.5 ശതമാനം (പരമാവധി 10000 രൂപയും)ചെക്ക് മെഷർമെന്റ് നടത്തുന്ന സമിതിക്ക് ഫീസിനത്തിൽ എസ്റ്റിമേറ്റ് തുകയുടെ അര ശതമാനം (പരമാവധി 3000 രൂപ) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകാവുന്നതുമാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9** ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് DDO കോഡ് ലഭിക്കുന്നത് വരെ സെക്രട്ടറിമാരുടെ DDO കോഡ് ഉപയോഗിച്ച് പേയ്മെന്റ് നടത്താൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3 പ്രത്യേക വിഷയങ്ങൾ**

**3.1 തിരുവനന്തപുരം കോർപ്പറേഷൻ (ഫയൽ നം. 545047/ഡി.സി.2/14/തസ്വഭവ)**

കരിമഠം കോളനിയിൽ ബി.എസ്.യു.പി. പദ്ധതി പ്രകാരമുള്ള ഭവന പദ്ധതിക്ക് സ്ഥലം കൈമാറുന്നതിൽ കാലതാമസം വന്നതിനാൽ നിലവിലെ CPWD നിരക്ക് നൽകണമെന്ന ആവശ്യത്തിന്മേൽ അടിയന്തിരമായി വകുപ്പുതലത്തിൽ ഉചിത തീരുമാനം കൈക്കൊള്ളുന്നതിനും നിശ്ചിത സമയത്തിനകം പണി പൂർത്തിയാക്കാൻ വേണ്ട നടപടി കൈക്കൊള്ളുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 68772/ഡി.ഡി.2/10/തസ്വഭവ)**

കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനും തുക നീക്കിവച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി അത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകുന്നതിനു വിധേയമായി ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന യൂനാനി ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നു വാങ്ങുന്നിനായി 2011-12 മുതൽ 2013-14 വരെ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും ചെലവാക്കിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന ആവശ്യം ഓഡിറ്റ് തടസ്സമുള്ളതിനാൽ വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കടമ്പൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം.68354/ഡി.എ1/14/തസ്വഭവ)**

പത്താംക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നൽകുന്നതുപോലെ +1, +2, ബിരുദ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം ചെയ്യാൻ  അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം.57403/ഡി.ബി.3/14/തസ്വഭവ)**

പാലിയേറ്റീവ് ആവശ്യ ങ്ങൾക്ക് സംഭാവനയായി ലഭിച്ച മാരുതി ഒമ്നി ആംബുലൻസ് വാനിന് 27.09.2013 മുതൽ 10.06.2014 വരെ, മുൻകൂർ അനുമതിയില്ലാതെ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചതിനും ആംബുലൻസ് ഏറ്റെടുത്തപ്പോൾതന്നെ ആയത് പ്രാഥമികാരോഗ്യകേന്ദ്രത്തിന് കൈമാറാതിരുന്ന നടപടിക്കും സെക്രട്ടറിയോട് വിശദീകരണം തേടാൻ  യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ പ്രതീക്ഷാ പദ്ധതിയുടെ  ഭാഗമായി ജില്ലയിലെ 3 കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാലയങ്ങളിൽ 1 മുതൽ 18 വരെ പ്രായമുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടത്തിവരുന്ന  സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി തുടങ്ങിയ സേവനങ്ങൾ തുടർന്നും നൽകുന്നതിന് ഹോണറേറിയം അടക്കമുള്ള  ചെലവുകൾക്ക് ജില്ലാ പഞ്ചായത്ത് പ്രതീക്ഷാ പദ്ധതിയിൽ  വകയിരുത്തിയ തുകയിൽ നിന്നും നൽകുന്നതിന് പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 തൊടിയൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 35558/ഡി.എ2/14/തസ്വഭവ)**

4–6 മാസം പ്രായമുള്ള കന്നുക്കുട്ടികൾക്ക്  സൗജന്യമായി കാലിത്തീറ്റ നൽകി വരുന്ന "കന്നുകുട്ടി പരിപാലനം"  എന്ന പ്രോജക്ട് സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥ പ്രകാരവും  ഗ്രാമസഭയുടെ അംഗീകാരമോ സാധൂകരണമോ നേടിയും മാത്രമേ നടപ്പിലാക്കാവൂ എന്നു നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7  അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്   (ഫയൽ നം. 35558/ഡി.എ2/14/തസ്വഭവ)**

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ  മെയിന്റനൻസ് ഉറപ്പുവരുത്തിയും അത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത്  സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയും മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിലവിലുള്ള കൗൺസിൽ ഹാൾ നവീകരിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും  അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8  ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 66844/ഡി.എ2/14/തസ്വഭവ)**

ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടിയ സാഹചര്യത്തിൽ  ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പ്രോജക്ടിനും ജനകീയ ജൈവ വൈവിധ്യ പഠനകേന്ദ്രം പ്രോജക്ടിനും  സർക്കാരിന്റെ പ്രത്യേക  അനുമതി ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9  വെച്ചൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 65507/ഡി.എ1/14/തസ്വഭവ)**

പൊതുമരാമത്ത് പണികളുടെ തുക  ചെറുതായിരുന്നാലും നിർവഹണം എഞ്ചിനീയർമാരാണ് നിർവഹിക്കേണ്ടതെന്ന കാര്യത്തിൽ ഇപ്പോൾ തന്നെ വ്യക്തതയുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പനമരം ബ്ലോക്ക് പഞ്ചായത്ത്**

2013-14 വാർഷിക പദ്ധതിയിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പച്ചിലക്കാട്, മില്ലുമുക്ക് എന്നീ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചതിന് ചെലവായ 10 ലക്ഷം ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം നിരസിക്കാനും, ഗ്രാമവികസന കമ്മീഷണറിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കരുനാഗപ്പള്ളി നഗരസഭാ മുൻ അദ്ധ്യക്ഷന്റെ കത്ത്**

സ്മാർട്ട് സ്റ്റൗ എന്ന പേരിലുള്ള സ്റ്റൗവിനെ സബ്സിഡി അനുവദിക്കാവുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ സഹായമായി അനുവദിക്കുന്ന 2 ലക്ഷം രൂപയ്ക്ക് പുറമെ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിത പ്രദേശങ്ങളിലെ ഭിന്നശേഷിയുള്ളവർക്ക് തടസ്സ രഹിത ഭവന നിർമ്മാണ സഹായമായി 1 ലക്ഷം രൂപ കൂടി അനുവദിക്കുന്നതിന് അംഗീകാരം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.66091/ഡി.എ2/14/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ 8, 9 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ സ്ക്കൂൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ഒരേ വിദ്യാർത്ഥിക്ക് 2 സ്രോതസ്സിൽ നിന്നും ഒരേ ആനുകൂല്യം ലഭിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഭവന പദ്ധതികളിൽ വീടുകളുടെ തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്റർ വരെയുള്ളതിന് ധനസഹായം നൽകാൻ നിലവിൽ നിയമമുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മാവേലിക്കര മുനിസിപ്പാലിറ്റി (ഫയൽ നം.67123/ഡി.എ1/14/തസ്വഭവ)**

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ ധനസഹായം പട്ടികജാതി വകുപ്പ് 3 ലക്ഷം രൂപയായി ഉയർത്തിയത് മൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ധനകാര്യം, പട്ടികജാതി/പട്ടികവർഗ വികസനം, ഹൗസിംഗ് എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി ചർച്ച ചെയ്യുന്നതിന് എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി 15.10.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.5 ആയി തീരുമാനിച്ചിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഊരകം ഗ്രാമപഞ്ചായത്ത്**

അംഗനവാടി വർക്കർമാർ/ഹെൽപ്പർമാർ എന്നിവരെക്കൂടി ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അർഹമായ വരുമാന പരിധി 1 ലക്ഷം രൂപയായി ഉയർത്തണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

2013-14-ൽ 5-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെയുള്ള 72 എസ്.സി വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ ചെലവിൽ സൈക്കിൾ വിതരണം ചെയ്ത നടപടിക്ക് 8, 9, 10 ക്ലാസ്സുകളിലെ എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയ നടപടിക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

ഭിന്നശേഷിയുള്ളവർക്കായുള്ള പ്രതീക്ഷ പദ്ധതി ഊരകം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിന് ജില്ല-ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി തീരുമാനിച്ചിരിക്കെ അതിനു പകരം വേങ്ങര ബ്ലോക്ക് പഞ്ചായത്ത് ബഡ്സ് സ്ക്കൂൾ നിർമ്മാണത്തിന് 1 ലക്ഷം രൂപ നൽകിയ നടപടി ജില്ലാതലത്തിൽ ചർച്ച ചെയ്ത് പരിഹാരം തേടേണ്ടതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ളാലം ബ്ലോക്ക് പഞ്ചായത്ത്**

2013–14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ക്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം എന്ന പ്രോജക്ട് നടപ്പാക്കിയതിന്റെ ചെലവ് തുകയായ 154880 രൂപ 2014–15 വാർഷിക പദ്ധതിയിൽ സ്പിൽഓവറായി ചെലവഴിക്കുന്നതിന് കർശനമായ താക്കീതോടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 19.11.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***